Malappuram District Police

# 02/04/2018 മലപ്പുറം

മലപ്പുറം കോഡൂർ വലിയപറമ്പ് സ്വദേശി ആമിയന് ഷംനാദ് എന്ന കുങ്കൻ ബാവ (25 വയസ്സ്) എന്നയാളാണ് പിടിയിലായത്.

2015 ല് മലപ്പുറം പോലീസ് സ്റ്റേഷനില് രജിസ്റ്റർ ചെയ്ത വധശ്രമ കേസിൽ നടത്തിയ അന്വേഷണത്തിനിടെയാണ് ഇയാള് പിടിയിലാവുന്നത്.

ഒരു പരാതി അന്വേഷണത്തിനായ വന്ന പോലീസ് ഉദ്യോഗസ്ഥരെ മലപ്പുറം കോഡൂരിൽ വെച്ച് പ്രതിയും സംഘവും ചേർന്ന് ആക്രമിക്കുകയും വാഹനമിടിപ്പിച്ച് കൊല്ലാൻ ശ്രമിക്കുകയുമായിരുന്നു. ഇക്കാര്യത്തിന് രജിസ്റ്റർ ചെയ്ത കേസിൽ മറ്റ് പ്രതികളെ അറസ്റ്റ് ചെയ്തിരുന്നതാണ്.

പിന്നീട് ആഴ്ചകൾക്ക് ശേഷം രഹസ്യ വിവരം ലഭിച്ചതിനെ തുടർന്ന് ഇയാളുടെ വാസസ്ഥലത്തെത്തിയ പോലീസ് ഉദ്യോഗസ്ഥരെ ഇയാളും അമ്മയും ചേർന്ന് ആക്രമിക്കുകയും ആ തക്കത്തിന് ഇയാൾ ഓടിരക്ഷപ്പെടുകയും ചെയ്തിരുന്നു. ഈ കേസിൽ ഇയാളുടെ അമ്മയെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിരുന്നു.

എന്നാൽ പ്രതി പല സ്ഥലങ്ങളിലായി ഒളിവില് കഴിയുകയും പിന്നീട് വിദേശത്തേക്ക് കടക്കുകയും ചെയ്തതിനെ തുടർന്ന് ഇയാളുടെ പേരില് കോടതിയില് നിന്നും ലോങ് പെന്റിംഗ് വാറണ്ട് ഉത്തരവായിരുന്നു.

മലപ്പുറം പോലീസ് സ്റ്റേഷനിലെ എസ്.ഐ-മാരായ ബി.എസ്. ബിനു, ടി. അബ്ദുൽ റഷീദ്, സ്പെഷ്യൽ സ്കാാഡ് അംഗങ്ങളായ എൻ.എം. അബ്ദുല്ല ബാബു, ഋഷികേഷ്, ജിതേഷ് എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.